## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7623** **15.07.2014 ൽ മറുപടിയ്ക്ക്**

## <u>പമ്പ, അച്ചൻകോവിൽ-വൈപ്പാർ നദീസംയോജന പദ്ധതി</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| **ശ്രീ. രാജു എബ്രഹാം** | | **ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) തമിഴ്നാട് മുഖ്യമന്ത്രി 03.06.2014-ൽ പ്രധാനമന്ത്രിക്ക് നൽകിയ നിവേദനത്തിൽ പറയുന്ന പമ്പ, അച്ചൻകോവിൽ - വൈപ്പാർ നദീസംയോജനപദ്ധതി സംബന്ധിച്ച് സംസ്ഥാന സർക്കാരിൻെറ നിലപാട് എന്താണ്; പ്രസ്തുത നിലപാട് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | പമ്പ - അച്ചൻകോവിൽ - വൈപ്പാർ നദീസംയോജനപദ്ധതി കേരളത്തിന് ഗുണകരമല്ലാത്തതിനാൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാരിന് വിയോജിപ്പാണുള്ളത്. പ്രസ്തുത പദ്ധതി നടപ്പാക്കേണ്ടതില്ലായെന്നുള്ള കേരളത്തിൻെറ അഭിപ്രായം ദേശീയ ജലവികസന ഏജൻസിയുടെ വിവിധ യോഗങ്ങളിൽ കേരളം വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) നദീസംയോജനം സംബന്ധിച്ച് സുപ്രീംകോടതിയിൽ ഉണ്ടായിരുന്ന പൊതുതാൽപര്യഹർജിയിൽ എന്ത് ഉത്തരവാണ് സുപ്രീംകോടതി നൽകിയിട്ടുള്ളത്; പ്രസ്തുത കേസിൽ സംസ്ഥാനം കക്ഷി ചേർന്നിരുന്നോ; പ്രസ്തുത കേസിൽ സംസ്ഥാന സർക്കാർ എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | രാജ്യത്തെ നദികളെ തമ്മിൽ ബന്ധിപ്പിക്കുവാനുള്ള പദ്ധതിയുമായി ബന്ധപ്പെട്ട് WP(C) 512 of 2002 "Re:Net-working of Rivers" with WP(C) No:668 of 2002 എന്ന കേസ് ബഹു.സുപ്രീംകോടതിയിൽ ഉണ്ടായിരുന്നു. കേരളത്തിലെ നദികളായ പമ്പയേയും അച്ചൻകോവിലിനേയും തമ്മിൽ ബന്ധിപ്പിച്ച് തമിഴ്നാട്ടിലേക്കു ജലം കൊണ്ടുപോകുന്നതിന് പദ്ധതി നടപ്പാക്കുവാൻ വേണ്ടി തമിഴ്നാട് സുപ്രീംകോടതിയിൽ affidavitഫയൽ |

ചെയ്തിരുന്നു. ഇതിനെതിരെ കേരളം എതിർകക്ഷിയായി ചേർന്ന് counter affidavit ഫയൽ ചെയ്തു. പ്രസ്തുത ലിങ്ക് പദ്ധതിക്കെതിരെ ശക്തമായ നിലപാടാണ് ഈ കേസിൽ സംസ്ഥാന സർക്കാർ സ്വീകരിച്ചിരുന്നത്. പ്രസ്തുത കേസിൽ ബഹു. സുപ്രീംകോടതി 27.02.2012 - ൽ അന്തിമ വിധി പുറപ്പെടുവിക്കുകയുണ്ടായി. ബഹു. സുപ്രീംകോടതി വിധിയിലൂടെ കേന്ദ്രജലവിഭവവകുപ്പ് മന്ത്രി അദ്ധ്യക്ഷനായ ഒരു സ്പെഷ്യൽ കമ്മിറ്റി രൂപീകരിക്കണമെന്ന് കേന്ദ്രസർക്കാരിന് സുപ്രീംകോടതി നിർദ്ദേശം നൽകി. ബഹു. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന "Special Committee for Inter linking of rivers" നദീസംയോജനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ Planning - ഉം Construction - നും Implementation - നും നടപ്പാക്കണമെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത കേസിൽ നദീസംയോജനവുമായി ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ ചീഫ് സെക്രട്ടറിയോ അദ്ദേഹത്തിന്റെ പ്രതിനിധിയോ അംഗങ്ങൾ ആയിരിക്കണമെന്നും, ടി കേസ് കോടതി പരിഗണിക്കുന്ന അവസരത്തിൽ കോടതി മുമ്പാകെ സമർപ്പിച്ച വിദഗ്ദ്ധസമിതികളുടെ റിപ്പോർട്ടുകളും ബഹു. കോടതി മുമ്പാകെ സമർപ്പിക്കപ്പെട്ട സ്റ്റാറ്റസ് റിപ്പോർട്ടുകളും കമ്മിറ്റി പരിഗണിക്കേണ്ടതാണെന്നും, അവ അപഗ്രഥിച്ച് മാത്രമേ പദ്ധതി നടപ്പാക്കുന്നതിനുള്ള Plan തയ്യാറാക്കാവൂ എന്നും കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) നദീസംയോജനം നടപ്പാക്കുന്നത് സംബന്ധിച്ച് സുപ്രീംകോടതി ഉത്തരവ് | (സി) നദീസംയോജനം നടപ്പാക്കുന്നത് സംബന്ധിച്ച് ബഹു. സുപ്രീംകോടതിയുടെ 27.02.2012 - ലെ |

| | |
|---|---|
| പ്രകാരം കേന്ദ്ര ജലവിഭവ മന്ത്രാലയം പ്രത്യേക കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങൾ ആരൊക്കെയാണ്; കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച് സംസ്ഥാനത്തിൻെറ നിലപാട് എന്താണ്; പ്രസ്തുത കമ്മിറ്റിയെ സംസ്ഥാനം അംഗീകരിക്കുന്നുണ്ടോ; | ഉത്തരവ് പ്രകാരം കേന്ദ്ര ജലവിഭവ മന്ത്രാലയം പ്രത്യേക കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേന്ദ്രജലവിഭവ മന്ത്രാലയത്തിൻെറ ആഫീസ് മെമ്മോറാണ്ടം നമ്പർ2/11/2012- BM 683-707 തീയതി 06.05.2013 പ്രകാരമാണ് ഈ പ്രത്യേക കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുള്ളത്.<br><br>പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങൾ താഴെപ്പറയുന്നവരാണ്.<br><br>a. ബഹു. കേന്ദ്രജലവിഭവവകുപ്പ് മന്ത്രി<br><br>b. കേന്ദ്രജലവിഭവവകുപ്പ് സെക്രട്ടറി<br><br>c. കേന്ദ്ര വനം പരിസ്ഥിതി വകുപ്പ് സെക്രട്ടറി.<br><br>d. ചെയർമാൻ, കേന്ദ്ര ജല കമ്മീഷൻ.<br><br>e. ഡയറക്ടർ ജനറൽ, ദേശീയ ജലവികസന ഏജൻസി - മെമ്പർ സെക്രട്ടറി.<br><br>f. കേന്ദ്രജലവിഭവ മന്ത്രാലയം, കേന്ദ്രധനകാര്യ മന്ത്രാലയം, കേന്ദ്ര ആസൂത്രണ കമ്മീഷൻ, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം, എന്നിവടങ്ങളിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഓരോ വിദഗ്ദ്ധർ (experts) വീതം.<br><br>g. ആന്ധ്രപ്രദേശ്, ഗുജറാത്ത്, കർണ്ണാടകം, മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര, രാജസ്ഥാൻ, തമിഴ്നാട്, ഉത്തർപ്രദേശ്, ജാർഖണ്ഡ്, ബീഹാർ, ഹരിയാന, .എന്നീ സംസ്ഥാനങ്ങളുടെ ജലവിഭവവകുപ്പ്മന്ത്രിമാരും ജലവിഭവവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിമാരും. പുതുച്ചേരിയുടെ ബഹു. മുഖ്യമന്ത്രിയും |

പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയും.

h. ഗുജറാത്ത്, രാജസ്ഥാൻ, തമിഴ്നാട്, ഒറീസ്സ, പശ്ചിമബംഗാൾ, ജാർഖണ്ഡ്, ഉത്തരാഖണ്ഡ്, ഡൽഹി, ആസ്സാം, ബീഹാർ, ഹരിയാന, ഛത്തീസ്ഗഡ്, കേരളം, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളുടെ ചീഫ് സെക്രട്ടറിമാരോ, അദ്ദേഹം ചുമതലപ്പെടുത്തുന്ന പ്രിൻസിപ്പൽ സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനോ.

i. കേന്ദ്രജലവിഭവ മന്ത്രാലയം, കേന്ദ്രധനകാര്യ മന്ത്രാലയം, കേന്ദ്ര ആസൂത്രണ കമ്മീഷൻ, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം, എന്നിവടങ്ങളിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെടുന്ന രണ്ട് വീതം സാമൂഹ്യപ്രവർത്തകരും.

j. ശ്രീ. രഞ്ജിത്ത് കുമാർ (അമിക്കസ് ക്യൂറി)

കമ്മിറ്റി രൂപീകരിച്ച് ഉത്തരവായെങ്കിലും കമ്മിറ്റിയുടെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച് അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. സുപ്രീംകോടതി നിർദ്ദേശപ്രകാരമുള്ള കമ്മിറ്റിയുടെ മീറ്റിംഗുകളിൽ സംസ്ഥാന സർക്കാരിന്റെ പരാമർശവിഷയത്തിലുള്ള നടപടികൾ ഇനിയും അറിയിക്കാൻ കഴിയുന്നതാണ്. പ്രസ്തുത കമ്മിറ്റിയെ സംസ്ഥാനം അംഗീകരിക്കുന്നുണ്ട്. അതിനാൽ തന്നെ, കേരള സർക്കാർ 12.03.2013-ൽ പുറപ്പെടുവിച്ചിട്ടുള്ള G.O.(Rt.) No:276/2013/ WRD ഉത്തരവ് പ്രകാരം ജലവിഭവവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ കേരളത്തിന്റെ പ്രതിനിധിയായി Special Committee - യിലേക്ക് നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. പ്രസ്തുത Special Committee - യിൽ കേരളത്തിന്റെ

പ്രതിനിധിയായി കേരള ജലവിഭവവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ഉൾപ്പെടുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| (ഡി) അന്തർസംസ്ഥാന നദികൾ ദേശസാൽക്കരിക്കണമെന്ന നിവേദനത്തിലെ തമിഴ്നാടിന്റെ ആവശ്യം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണ്; ഇത് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) | പരാമർശവിധേയമായ നിവേദനത്തിന്റെ പകർപ്പ് സംസ്ഥാന സർക്കാരിന് ലഭ്യമായിട്ടില്ല. ഈ വിഷയത്തിൽ കേന്ദ്രസർക്കാരിൽനിന്നും അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഒരു തീരുമാനമെടുത്ത് കേന്ദ്രസർക്കാരിന് മറുപടി നൽകുവാൻ നിർവ്വാഹമുള്ളൂ. എന്തായാലും കേരളത്തിന് ഗുണകരമല്ലാത്ത കാര്യങ്ങളിൽ സംസ്ഥാനത്തിന്റെ വിയോജിപ്പ് അറിയിക്കണമെന്നുള്ളതാണ് ഇക്കാര്യത്തിലുള്ള സർക്കാർ നിലപാട്. |
| (ഇ) അച്ചൻകോവിൽ - പമ്പ - വൈപ്പാർ നദീസംയോജനം സംബന്ധിച്ച് സുപ്രീംകോടതിയുടെ വിധി പുന:പരിശോധിക്കുന്നതിന് ഹർജി നൽകാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഇ) | നദീജലസംയോജനം സംബന്ധിച്ച് സുപ്രീംകോടതി വിധിയിൽ ഒരു സ്പെഷ്യൽ കമ്മിറ്റിയാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഇതിൽ കേരളത്തിന്റെ പ്രതിനിധിയായ സംസ്ഥാന ജലവിഭവ വകുപ്പ് സെക്രട്ടറിയും ഉണ്ട്. ഈ കമ്മിറ്റിമുമ്പാകെ കേരളത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ